**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **28-06-2022 - ൽ മറുപടിയ്ക്ക്**

**ലോട്ടറി കൂടുതൽ ആകർഷകമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശരാശരി 42% ആയിരുന്ന സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനവിഹിതം നിലവിൽ പരമാവധി 60% വരെ ഉയർത്തിയിട്ടുണ്ട്. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകളിൽ മെച്ചപ്പെട്ട സെക്യൂരിറ്റി ഫീച്ചറുകൾ കൊണ്ടുവരികയും പൊതുജനങ്ങൾക്ക് ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്കുന്നതിന് മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുകയും ഭാഗ്യക്കുറി വകുപ്പിൽ NIC മുഖാന്തിരം പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഏജന്റുമാർക്ക് ഓൺലൈൻ പോർട്ടൽ മുഖേന പണമടച്ച് ടിക്കറ്റ് വാങ്ങുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ലോട്ടറിയുടെ ഘടന കൂടുതൽ ആകർഷകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിറ്റുവരവിന്റെ ഏകദേശം 60% സമ്മാനവിതരണത്തിന് നൽകിക്കൊണ്ട് വളരെ ആകർഷകമായ സമ്മാനഘടനയാണ് നിലവിലുള്ളത്. ഞായറാഴ്ചകളിൽ നടത്തി വന്നിരുന്ന പൗർണ്ണമി ഭാഗ്യക്കുറിയ്ക്ക് പകരം ഫിഫ്റ്റി-ഫിഫ്റ്റി ഭാഗ്യക്കുറി ഒന്നാം സമ്മാനം ഒരു കോടി രൂപയും മറ്റ് ആകർഷകമായ സമ്മാനങ്ങളും ഉൾപ്പെടുത്തി പുതിയതായി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ